പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5723 — 28.03.2018-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതിയിൽ നിന്ന് പിൻമാറുന്നതിന് തീരുമാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ.ബഷീർ | | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയിൽ നിന്നും സർക്കാർ പിൻമാറുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ; | (എ) | തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ നിന്ന് പിൻമാറാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടില്ല |
| (ബി) ഇല്ലെങ്കിൽ ഡി.എം.ആർ.സി. പിൻമാറിയ സാഹചര്യത്തിൽ പദ്ധതി തുടരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ പുതിയ നയപ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്തി ഡി.എം.ആർ.സി പുതുക്കി സമർപ്പിച്ച ലൈറ്റ് മെട്രോ പദ്ധതി രേഖ നിലവിൽ ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി പരിശോധിച്ചു വരികയാണ്. സമിതിയുടെ പരിശോധനയ്ക്ക് ശേഷം കേരള സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര അനുമതിക്കായി സമർപ്പിക്കുന്നതാണ്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് ശ്രീകാര്യം ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. |
| (സി) പ്രസ്തുത പദ്ധതി ഏത് കമ്പനിയെ/ സ്ഥാപനത്തെ ഏൽപ്പിക്കുന്നതിനാണ് തീരുമാനമെടുത്തിട്ടു ള്ളതെന്ന് അറിയിക്കുമോ? | (സി) | ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ